Draft #1 of File 20265/AD A1-COM.ASST/2020/AD A1 Approved by ASSISTANT REGISTRAR I (ADMIN) on 05-Jun-2020 03:12 PM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY · KOTTAYAM ·

## മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

**<u>സംഗ്രഹം</u>**

ഭരണകാര്യം:- നെടുങ്കണ്ടം സാറ്റലൈറ്റ് സെൻറർ- തുടർ പ്രവർത്തനങ്ങൾ - സിൻഡിക്കേറ്റ് തീരുമാനം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭരണ വിഭാഗം എ 1 സെക്ഷൻ**

നമ്പർ. 2356/AD A1/2020/എം.ജി.യു — പ്രിയദർശിനി ഹിൽസ്,തീയതി: 05.06.2020

---

*പരാമർശം:*-26.05.2020 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിൻറെ മിനിറ്റ്സ് ഇനം നം. ഒ.എ.10/20.02/16613/2020.

**<u>ഉത്തരവ്</u>**

ഇടുക്കി ജില്ലയിലുള്ള വിദ്യാർത്ഥികൾക്കായി സർവ്വകലാശാല സേവനം ലഭ്യമാക്കുന്നതിന് നെടുങ്കണ്ടത്ത് ആരംഭിച്ച സാറ്റലൈറ്റ് സെൻററിൻറെ പ്രവർത്തനങ്ങൾക്കായി സർവ്വകലാശാല ജീവനക്കാരെ 15.02.2020 മുതൽ മൂന്ന് മാസത്തേക്ക് വർക്ക് അറേഞ്ച്മെൻറ് വ്യവസ്ഥയിൽ നിയമിച്ചിരുന്നു. സെൻററിൻറെ പ്രവർത്തനങ്ങൾ തുടർന്നും മുന്നോട്ട് കൊണ്ടുപോകുന്നതിനായി ടി ജീവനക്കാരുടെ കാലാവധി ദീർഘിപ്പിക്കുന്നത് സംബന്ധിച്ച വിഷയം വൈസ് ചാൻസലറുടെ ഉത്തരവ് പ്രകാരം, സിൻഡിക്കേറ്റിൻറെ പരിഗണനയ്ക്കും തീരുമാനത്തിനുമായി സമർപ്പിച്ചിരുന്നു.

ആയത് പരിഗണിച്ച സിൻഡിക്കേറ്റ്, സൂചന പ്രകാരം താഴെ പറയുന്ന തീരുമാനങ്ങൾ കൈക്കൊണ്ടിരിക്കുന്നു.

1. നെടുങ്കണ്ടം സാറ്റലൈറ്റ് സെൻററിൽ നിലവിൽ ജോലി ചെയ്തു വരുന്ന 1 സെക്ഷൻ ഓഫീസർ, 2 അസിസ്റ്റൻറുമാർ എന്നിവരുടെ ടി സെൻററിലെ നിയമന കാലാവധി 2020 മെയ് 15 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ചിരിക്കുന്നു.
2. നെടുങ്കണ്ടം ഗ്രാമപ്പഞ്ചായത്തിൻറെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സെൻറർ 5 വർഷത്തേക്ക് വാടക കൂടാതെ പ്രവർത്തിക്കുന്നതിനുള്ള കരാറിൽ ഏർപ്പെടുന്നതിന് രജിസ്ട്രാറെ ചുമതലപ്പെടുത്തിയിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

എ എസ് ചാവറ

അസിസ്റ്റന്റ് രജിസ്ട്രാർ 1 (ഭരണ വിഭാഗം)

പകർപ്പ്

1. ബന്ധപ്പെട്ട വ്യക്തികൾ
2. വൈസ് ചാൻസലർ/ പ്രോ വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ/ ഫിനാൻസ് ഓഫീസർ/ പരീക്ഷാ കൺട്രോളർ എന്നിവരുടെ പി.എ.മാർ
4. എ.ആർ./ ഡി.ആർ./ജെ,ആർ. (ഭരണം/ അക്കാദമികം/ ഫിനാൻസ്/ പരീക്ഷ)
5. എഫ്.സി.സി./ ഫിനാൻസ് 1/2/ ഓഡിറ്റ് 2/3/5/ എസി.സി സെക്ഷനുകൾ
6. ജോയിൻറ് ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ്, മഹാത്മാഗാന്ധി സർവ്വകലാശാല
7. കണ്ടെൻറ് മാനേജ്മെൻറ് സെക്ഷൻ/ പി.ആർ.ഒ.യ റെക്കോർഡ്സ് സെക്ഷൻ/ സ്റ്റാറ്റിസ്റ്റിക്കൽ യൂണിറ്റ്/ ഐ.ക്യൂ.എ.സി
8. സ്റ്റോക്ക് ഫയൽ/ ഡേ ഫയൽ/ ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ